**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2248** **16/08/2017-ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കിൽ നിന്ന് ലോണെടുക്കുകയും പിന്നീട് മരണപ്പെടുകയും തുടർന്ന് തിരിച്ചടവ് സാധിക്കാതെ പോവുകയും ചെയ്തവരുടെ ബാദ്ധ്യത ഒഴിവാക്കുന്നതിന് റിസ്ക് ഫണ്ട് സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഈ പദ്ധതി എന്നു നിലവിൽ വന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതി തള്ളാൻ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. ഈ ആനുകൂല്യത്തിനായി വായ്പക്കാർ നിശ്ചിത ഒറ്റത്തവണ പ്രീമിയം അടച്ച് പദ്ധതിയിൽ ചേരേണ്ടതുണ്ട്. ഈ പദ്ധതി 01.04.2008 മുതൽ പ്രാബല്യത്തോടെ നിലവിൽ വന്നു. |
| (ബി) | റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം, ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള 7 മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000/- രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക്ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശുപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. വായ്പാക്കാരൻ മരിച്ചുപോയ |

| | | | |
|---|---|---|---|
| | | | കേസാണെങ്കിൽ മരണസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാതുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525/- രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിൽസാ ധനസഹായം ലഭിക്കുക. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയ്ക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (സി) | റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറം എവിടെ നിന്ന് ലഭിക്കുമെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും വിശദീകരിക്കുമോ? | (സി) | റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറം വായ്പയെടുത്ത സഹകരണ സ്ഥാപനത്തിൽ നിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനാണ്. |

സെക്ഷൻ ഓഫീസർ